# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

**<u>പത്രക്കുറിപ്പ്</u>**

2020-21 അധ്യയന വർഷത്തെ പി.ജി. ഏകജാലക പ്രവേശനത്തോടനുബന്ധിച്ച് വെയ്റ്റിംഗ് റാങ്ക് ലിസ്റ്റ് കോളേജുകൾക്ക് കൈമാറുന്നതിന് മുൻപായി അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള സൗകര്യം സ്റ്റുഡന്റ് ലോഗിനിൽ 21.12.2020 വൈകീട്ട് 5 മണിവരെ ലഭ്യമായിരിക്കും. 'EDIT Application' എന്ന ലിങ്ക് ഉപയോഗിച്ച് എഡിറ്റിംങ് സൗകര്യം ഉപയോഗപ്പെടുത്തുന്ന മുഴുവൻ വിദ്യാർത്ഥികളും നിർബന്ധമായും അപേക്ഷ പൂർത്തീകരിച്ച് പുതുക്കിയ അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പുതുക്കിയ പ്രിന്റൗട്ട് എടുത്താൽ മാത്രമേ അപേക്ഷ പൂർണ്ണമാവുകയുള്ളൂ.

ഒന്നാമത്തെ ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളെ വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് എഡിറ്റിംങ് സൗകര്യവും ഉണ്ടായിരിക്കുന്നതല്ല. യാതൊരു വിധ തിരുത്തലുകളും സർവ്വകലാശാല നേരിട്ട് ചെയ്ത് കൊടുക്കുന്നതായിരിക്കില്ല .

വെയ്റ്റിംഗ് റാങ്ക് ലിസ്റ്റ് 24.12.2020 ന് കോളേജുകൾക്ക് കൈമാറുന്നതായിരിക്കും. വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിൽ നിന്ന് 30.12.2020 മുതൽ 05.01.2021 ന് വൈകീട്ട് 3 മണി വരെ മെറിറ്റ് സംവരണ നിയമങ്ങൾ പാലിച്ച് കൊണ്ട് കോളേജുകൾ അഡ്മിഷൻ പൂർത്തീകരിക്കുന്നതായിരിക്കും.

ഡയറക്ടർ

C.U. Campus
18.12.2020